**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 95** **04-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷേമനിധി ബോർഡുകളുടെ ഭരണച്ചെലവ് കുറച്ച് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്ന തരത്തിൽ ബോർഡുകളുടെ പ്രവർത്തനം പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള ആനുകൂല്യം ലഭ്യമാക്കുന്നതിലുണ്ടായിരുന്നതായി പറയപ്പെടുന്ന കാലതാമസം ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമ നിധി ബോർഡുകളിലെ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും 2022 ജൂൺ മാസം വരെയുള്ള ക്ഷേമനിധി പെൻഷൻ അനുവദിച്ചിട്ടുണ്ട്. ആനുകൂല്യങ്ങൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളൊരുക്കിയും ആനുകൂല്യ വിതരണം DBT(Direct Benefit Transfer) മുഖേനയാക്കിയും കാലതാമസം ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | എല്ലാ ക്ഷേമനിധി ബോർഡുകൾക്കും പൊതുവായ സോഫ്റ്റ് വെയർ രൂപീകരിച്ച് അംശദായം ഓൺലൈനായി അടയ്ക്കുന്നതിനും ദ്വയാംഗത്വവും വ്യാജ അംഗത്വവും ഒഴിവാക്കുന്നതിനും സാധിച്ചിട്ടുണ്ടോ; | (ബി) | അംശദായം ഓൺലൈനായി അടയ്ക്കുന്നതിനും ദ്വയാംഗത്വം തടയുന്നതിനും എല്ലാ ക്ഷേമനിധി ബോർഡുകൾക്കും പൊതുവായി അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം (AIIS) എന്ന സോഫ്റ്റ് വെയർ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഒന്നാം ഘട്ടം പൂർത്തിയായിട്ടുണ്ട്. നിലവിൽ തൊഴിലാളികളുടെ രജിസ്ട്രേഷൻ നടത്തുന്നതിനും ദ്വയാംഗത്വം തടയുന്നതിനും ഈ സോഫ്റ്റ് വെയറിലൂടെ സാധിക്കുന്നതാണ്. |
| (സി) | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കൂടി നേതൃത്വത്തിൽ ഓൺലൈൻ ഓട്ടോ, ടാക്സി സർവ്വീസ് തുടങ്ങുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡും കേന്ദ്രസർക്കാർ സ്ഥാപനമായ എെ.ടി.എെ ലിമിറ്റഡ് പാലക്കാടുമായി ചേർന്ന് ‘കേരള സവാരി’ എന്ന പേരിൽ ഓൺലൈൻ ടാക്സി/ ഓട്ടോ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു |

| | | | | |
|---|---|---|---|---|
| | | | | വരുന്നു. **ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഡ്രൈവർമാർക്കുള്ള ഒന്നാം ഘട്ട പരിശീലനം 04.06.2022 ന് നടന്നു. രണ്ടാം ഘട്ട പരിശീലനം 15.07.2022 ന് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരപരിധിയിൽ കേരള സവാരിയുടെ പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിനും ആയതിന്റെ ഉദ്ഘാടനം ജൂലൈ മാസത്തിൽ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. മേൽ പദ്ധതിയുടെ പൈലറ്റ് പ്രോജക്ടിൽ 100 വാഹനങ്ങളാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 75 ഓട്ടോ റിക്ഷകളും, 25 ടാക്സി വാഹനങ്ങളും ഉൾപ്പെടും. പൈലറ്റ് പദ്ധതി നടത്തിപ്പ് വിലയിരുത്തിയതിന് ശേഷം സംസ്ഥാനമൊട്ടാകെ ഈ പദ്ധതി നടപ്പിലാക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ

<u>വിശദീകരണക്കുറിപ്പ്</u>

സംസ്ഥാനത്ത് ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ആകെ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമ നിധി ബോർഡുകളിലെ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും 2022 ജൂൺ മാസം വരെയുള്ള ക്ഷേമനിധി പെൻഷൻ അനുവദിച്ചിട്ടുണ്ട്. ആനുകൂല്യങ്ങൾ ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളൊരുക്കിയും ആനുകൂല്യവിതരണം **DBT(Direct Benefit Transfer)** മുഖേനയാക്കിയും കാലതാമസം ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്.

<u>കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ</u> നിന്നും ആനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിക്കുന്നുണ്ട്. നിലവിൽ 2022 മാർച്ച് 31 വരെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

<u>കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ</u> ആനുകൂല്യ വിതരണത്തിലെ കാലതാമസം ഇല്ലാതാക്കാൻ സാധിച്ചിട്ടുണ്ട്.

<u>കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ</u> ഭരണ ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി അനുവദിക്കപ്പെട്ട തസ്തികകളുടെ പകുതിയിൽ താഴെ ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളത്. കൂടാതെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചിരുന്ന ബോർഡിന്റെ ചില ഓഫീസുകൾ സർക്കാർ കെട്ടിടങ്ങളിലേക്ക് മാറ്റിയതുമൂലം ഭരണചെലവ് കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ആനുകൂല്യ അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട്. ബോർഡിന്റെ അംശദായ വിഹിതം 2:2:1 എന്ന അനുപാതത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

<u>കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ</u> പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാരും ബോർഡും വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധിയിലെ തൊഴിലാളി, തൊഴിലുടമ അംശദായം 3/ രൂപ, 5/രൂപ എന്നത് യഥാക്രമം പത്ത് രൂപ, മുപ്പത് രൂപ എന്നീ നിരക്കുകളായി 2018-ൽ വർദ്ധിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം 2019-ൽ ആനുകൂല്യങ്ങളും വലിയ തോതിൽ വർദ്ധിപ്പിച്ചിട്ടു ണ്ട്. വിദ്യാഭ്യാസ ധനസഹായം 66% മുതൽ 138 % വരെ വർദ്ധിപ്പിച്ച്

നൽകുകയുണ്ടായി. ബോർഡിൽ നിന്നുളള എല്ലാ ആനുകൂല്യങ്ങളും കാലതാമസം കൂടാതെ നൽകി വരുന്നു.

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 29.10.2019 മുതൽ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. വിവിധ ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ DBT മുഖേന തൊഴിലാളികളിൽ എത്തിക്കുവാൻ കഴിയുന്നു.

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ആനുകൂല്യ വിതരണത്തിന് കാലതാമസം നേരിട്ടിട്ടില്ല.

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അംശദായവും ഭൂവുടമാ വിഹിതവും വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബോർഡിന്റെ വരുമാനം വർദ്ധിക്കുകയും ഭരണചെലവ് ശതമാനാടിസ്ഥാനത്തിൽ കുറയ്ക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. ബോർഡിന്റെ വരുമാനം വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ നൽകുന്നതിനുണ്ടായ കാലതാമസം ഇല്ലാതാക്കാൻ കഴിയുന്നു.

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി ആനുകൂല്യ വിതരണത്തെ ബാധിക്കുന്നുണ്ട്. അദാലത്തുകൾ സംഘടിപ്പിച്ച് സെസ്സ് പിരിവ് ഊർജ്ജിതമാക്കി ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളികൾ ഒടുക്കേണ്ട അംശദായം 2020 ഏപ്രിൽ മുതൽ 20/- രൂപയിൽ നിന്നും 50/- രൂപയായി ഉയർത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിലൂടെ 2019-20 വർഷത്തെ 29.62% ആയിരുന്ന ഭരണ ചെലവ് 2020-21 വർഷത്തിൽ 9.36% ആയി കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. അംശദായ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ബോർഡിൽ നിന്നും നൽകി വരുന്ന വിവിധ ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട്. ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങൾ 01.04.2019 മുതൽ ഓൺലൈൻ വഴി സമർപ്പിക്കുവാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ ഓരോ മാസത്തെയും അപേക്ഷകൾ തൊട്ടടുത്ത മാസം തീർപ്പാക്കി കാലതാമസം ഇല്ലാതെ ആനുകൂല്യ വിതരണം നടത്തി വരുന്നു.

കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധിയിൽ തൊഴിലാളി, തൊഴിലുടമാ അംശദായം 3/- രൂപ 6/- രൂപ എന്നത് 10/- രൂപ 20/- രൂപ എന്നീ നിരക്കുകളിലായി 2022 ഏപ്രിൽ മാസം മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാർ സഹായത്തോടെ പെൻഷൻ, സാമ്പത്തിക താങ്ങൽ, അവശതാ പെൻഷൻ എന്നീ ആനുകൂല്യങ്ങളും തനത് ഫണ്ടിൽ നിന്നും വിവാഹ ധനസഹായം, വിദ്യാഭ്യാസ

ധനസഹായം, ചികിത്സാ സഹായം, മരണാനന്തര സഹായം എന്നീ ആനുകൂല്യങ്ങളും സമയബന്ധിതമായി നൽകുന്നു.

കേരള കള്ള് വ്യവസായ ക്ഷേമനിധി ബോർഡിൽ ഭരണച്ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി വിവിധ കാറ്റഗറിയിലേയ്ക്കുള്ള 35 തസ്തികകൾ താൽക്കാലികമായി ഫ്രീസ് ചെയ്തിരിക്കുകയാണ്. ആനുകൂല്യ വിതരണം കാലതാമസം കൂടാതെ നടത്തി വരുന്നു. 2020 ഫെബ്രുവരി മാസം മുതൽ തൊഴിലാളികളുടെ ആനുകൂല്യ വിതരണം DBT (Direct Benefit Transfer) വഴി ആക്കിയതും കാലതാമസം കുറയ്ക്കാൻ സഹായിച്ചിട്ടുണ്ട്.

കേരള കൈതൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി, കേരള ഗാർഹിക തൊഴിലാളി ക്ഷേമ പദ്ധതി, കേരള ബാർബർ-ബ്യൂട്ടീഷ്യൻസ് ക്ഷേമ പദ്ധതി, കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി, കേരള പാചക തൊഴിലാളി ക്ഷേമ പദ്ധതി, കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി പദ്ധതി എന്നീ അഞ്ച് പദ്ധതികൾ കൂട്ടിച്ചേർത്താണ് 2015-ലെ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി രൂപീകൃതമായിട്ടുള്ളത്. ഇത്തരത്തിൽ രൂപീകൃതമായ ടി പദ്ധതി വഴി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഇല്ലാതാക്കാൻ സാധിച്ചിട്ടുണ്ട്.

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിൽ ഭരണ ചെലവ് അനുവദനീയ ശതമാനത്തിലും കുറച്ചു കൊണ്ട് തൊഴിലാളികൾക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള വിവിധ നിർദ്ദേശങ്ങൾ 2022-23 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേയ്ക്കായി ബോർഡിൽ ഇ-ഓഫീസ് സംവിധാനവും പഞ്ചിംഗ് സിസ്റ്റവും നടപ്പിലാക്കിയിട്ടുണ്ട്. സമയബന്ധിതമായി ആനുകൂല്യങ്ങൾ നല്കുന്നതിനായി വെബ്സൈറ്റ് രൂപീകരിക്കുകയും അപേക്ഷകളെല്ലാം ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ആനുകൂല്യങ്ങൾക്ക് അപേക്ഷിച്ചാൽ 10 ദിവസത്തിനുള്ളിൽ നല്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആനുകൂല്യം വിതരണം ചെയ്യുന്നതിൽ കാലതാമസം വന്നിട്ടില്ല.

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഒരേ സമയം വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗമാകുന്നത് തടയുന്ന രീതിയിൽ അംഗങ്ങളുടെ വിവര ശേഖരം തയ്യാറാക്കുന്നതിനും അതിനാവശ്യമായ പൊതുവായ ഒരു സോഫ്റ്റ് വെയർ നിർമ്മിക്കുന്നതിനുമായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിനെ തുടർന്ന് ആദ്യപടിയായി കെൽട്രോൺ സമർപ്പിച്ച

പ്രൊപ്പോസൽ പ്രകാരം ദ്വയാംഗത്വം കണ്ടുപിടിക്കുന്നതിനും സ്മാർട്ട് കാർഡ് വിതരണം ചെയ്യുന്നതിനുമുള്ള സോഫ്റ്റ്-വെയർ നിർമ്മാണം പൂർത്തിയാക്കുകയും 2008-2009 മുതൽ ടി സോഫ്റ്റ്-വെയറിന്റെ പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്തിരുന്നു.

തൊഴിൽ വകുപ്പ് മുഖാന്തിരം 16 ക്ഷേമനിധി ബോർഡുകൾക്കുമായി അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം (AIIS) എന്ന സോഫ്റ്റ്-വെയർ രൂപകൽപ്പന ചെയ്തിട്ടുള്ളതിനാലും ആയതിന്റെ വിപുലീകരണം സംബന്ധിച്ചുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നതു കൊണ്ടും പെൻഷൻ ഇരട്ടിപ്പ്, അനർഹരെ കണ്ടെത്തൽ എന്നിവയിലൂടെ അർഹരായ തൊഴിലാളികൾക്ക് നിഷ് പ്രയാസം ആനുകൂല്യ വിതരണം എത്തിക്കാൻ കഴിയും. 12.04.2022 തീയതിയിൽ AIIS Software-ന്റെ 1-ാം ഘട്ടം ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

കേരള സർക്കാർ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.ടി.ഐ ലിമിറ്റഡ് പാലക്കാട് ടെക്നിക്കൽ പാർട്ട്ണർ ആയി ആരംഭിക്കുന്ന ഓൺലൈൻ ടാക്സി/ഓട്ടോ സർവ്വീസ് 'കേരള സവാരി' യുടെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരത്ത് ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരം സിറ്റിയിലുള്ള വിവിധ ഓട്ടോ/ടാക്സി സ്റ്റാന്റുകളിൽ ബോർഡിലെ ജീവനക്കാർ നേരിട്ടെത്തി കേരള സവാരിയെ സംബന്ധിച്ച് ബോധവത്ക്കരണം നടത്തുകയും അംഗങ്ങളെ ചേർക്കുകയും ചെയ്യുന്നു.